കേരള സർക്കാർ

പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ്

നം.109/ജെ2/18/പൊവിവ

തിരുവനന്തപുരം, തീയതി 14-06-2018

**സർക്കുലർ**

വിഷയം:- പൊവിവ- ജി.ഒ (പി) നം. 199/2016/പൊവിവ തീയതി 3-12-16 മേലുള്ള സ്റ്റാറ്റസ്കോ - സംബന്ധിച്ച്.

സൂചന:- (1)ജി.ഒ (പി) നം. 199/16/പൊവിവ തീയതി 19-12-16

(2)WA 2321/17 യും അനുബന്ധ കേസുകളും സംബന്ധിച്ച് ഹൈക്കോടതി ഉത്തരവ് തീയതി 19-12-17.

സൂചന സർക്കാർ ഉത്തരവ് പ്രകാരം KER അദ്ധ്യായം XXI Rule 7-ൽ സർക്കാർ വരുത്തിയ ഭേദഗതി ചില മാനേജർമാർ ഹൈക്കോടതിയിൽ ചോദ്യം ചെയതുവെങ്കിലും സബ് റൂൾ 8 ഒഴികെയുള്ളവ കോടതി ശരിവയ്ക്കുകയും ഈ റൂൾ നിലനിൽക്കത്തക്കതല്ലെന്ന് കണ്ടെത്തുകയും ചെയ്തു. ഈ ഉത്തരവിനെതിരെ മാനേജർമാർ WA 2321/17 ഉൾപ്പടെ നിരവധി അപ്പീലുകൾ ഡിവിഷൻ ബഞ്ചിൽ ഫയൽ ചെയ്തു. ഈ കേസ്സുകളിലെ 19-12-17, 22-1-2018 തീയതികളിലെ താത്ക്കാലിക ഉത്തരവ് പ്രകാരം മേൽ ഉത്തരവ് അനുസരിച്ചുള്ള അദ്ധ്യാപക നിയമനങ്ങളിലും, നിയമനാംഗീകാരത്തിലും ഡിപ്ലോയ്മെന്റിലും തൽസ്ഥിതി തുടരേണ്ടതായിട്ടുണ്ട്.

ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ ഈ സ്റ്റാറ്റസ്കോ, മേൽ സൂചനയിലെ ഉത്തരവിന്റെ പരിധിയിൽ വരുന്ന നിയമനങ്ങൾക്ക് മാത്രമാണോ ബാധകമാകുക എന്നും 22-05-1979 ന് മുമ്പ് ആരംഭിച്ചതോ അപ്ഗ്രേഡ് ചെയ്തതോ ആയ സ്കൂളുകളിലെ റിട്ടയർമെന്റ്, രാജി, മരണം, പ്രൊമോഷൻ എന്നിവ മൂലമുണ്ടാകുന്ന ഒഴിവുകളിലെ നിയമനങ്ങൾക്ക് അംഗീകാരം നൽകാവുന്നതാണോ എന്നുമുള്ള കാര്യത്തിൽ വിദ്യാഭ്യാസ ഓഫീസർമാർ സ്പഷ്ടീകരണം ആവശ്യപ്പെട്ട സാഹചര്യത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു മേൽ സൂചനയിലെ ഉത്തരവിന്റെ പരിധിയിൽ വരുന്ന നിയമനങ്ങൾക്കു, നിയമനാംഗീകാരങ്ങ-ൾക്കും, പുനർവിന്യാസത്തിനും മാത്രമാണ് ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ സ്റ്റാറ്റസ്കോ ബാധകമായതെന്നു വ്യക്തമാക്കുന്നു.

**എച്ച്. നജീബ്**

ജോയിന്റ് സെക്രട്ടറി

സ്വീകർത്താക്കൾ :

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും, ജില്ലാ / ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.റ്റി @ സ്കൂൾ, തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

പബ്ളിക്ക് റിലേഷൻസ് (വെബ് & ന്യൂമീഡിയ) വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).

പൊതുവിദ്യാഭ്യാസ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും.

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ